# ഫ്രണ്ട്സ് വിവാദം – പിടിച്ചതിലും വലുത് അളയ്ക്കകത്ത്

അശോകൻ ഞാറയ്ക്കൽ

ഫ്രണ്ട്സ് സോഫ്റ്റ്‌വെയർ വിവാദം ആദ്യം പുറത്ത് വന്നപ്പോൾ അധികം പത്രപ്രവർത്തകരും അതിനെക്കണ്ടത് ബൗദ്ധിക സ്വത്താവകാശമുപയോഗിച്ച് നാലു കാശുണ്ടാക്കി തങ്ങളും കൊച്ചു ബിൽഗേറ്റ്സുമാരാകാമെന്ന സ്വപ്നം കാണുന്ന ചില ആസ്ഥാനവിദ്വാന്മാരുടെ പരാക്രമമായിട്ടായിരുന്നു. പക്ഷെ, മഞ്ഞുമലയുടെ അറ്റം മാത്രമാണ് നമ്മൾ കണ്ടത് എന്ന സത്യമാണ് ഈ കഴിഞ്ഞ ആഴ്ചകളിലെ സംഭവങ്ങൾ സൂചിപ്പിക്കുന്നത്. **(മലയാളത്തിലെ അച്ചടി മാധ്യമങ്ങളിൽ കേരളീയമാണ് ഈ വിവാദത്തെക്കുറിച്ച് ആദ്യം എഴുതിയത്)**. എന്തെല്ലാമാണ് ആ വസ്തുതകൾ എന്ന് നോക്കാം.

1. കേരളത്തിലെ പ്രബുദ്ധരെന്ന് സ്വയം കരുതുന്ന രാഷ്ട്രീയ നേതാക്കളെ ഫ്രണ്ട്സിന്റെയും ഇൻഫർമേഷൻ കേരളമിഷന്റെയും പുറകിൽ കളിച്ച സ്വകാര്യ താല്പര്യങ്ങൾ വിഡ്ഢികളാക്കി.

2. ഈ നാടകങ്ങൾക്കൊടുവിൽ തങ്ങളുടെ ഗൂഢതാല്പര്യങ്ങൾക്കിണങ്ങുന്ന രീതിയിൽ കേരളത്തിൽ സമഗ്രമായ ഒരു ഇ-ഗവേണൻസ് - കമ്പ്യൂട്ടർ വൽക്കരണ പദ്ധതി എല്ലാ പ്രധാന രാഷ്ട്രീയ നേതൃത്വങ്ങളെക്കൊണ്ടും അംഗീകരിപ്പിക്കുന്നതിൽ ലോകത്തിലെ ഏറ്റവും വലിയ കുത്തകയായ മൈക്രോസോഫ്റ്റും അതിന്റെ ഉടമ ബിൽ ഗേറ്റ്സും വിജയിച്ചിരിക്കുന്നു. കേരളത്തിൽ മാത്രമാണ് മറ്റെല്ലാവരെയും ഒഴിവാക്കി കമ്പ്യൂട്ടർവൽക്കരണം മൈക്രോസോഫ്റ്റിനും അതിന്റെ കൂട്ടാളികൾക്കുമായി പതിച്ചു നൽകിയിട്ടുള്ളത്.

3. ബിൽ ക്ലിന്റനും ബിൽ ഗേറ്റ്സിനും ചുവപ്പ് പരവതാനി വിരിച്ച ആന്ധ്രയിലും, കർണ്ണാടകത്തിലും മൈക്രോസോഫ്റ്റിന് ഇത്രയും പരിപൂർണ്ണമായ ഒരു കുത്തക നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. കർണ്ണാടകത്തിലെ ഇ-ഗവേണൻസ് രംഗത്ത് ഓപ്പൺ സോഴ്സ് (അഥവാ ലിനക്സ്) ധാരയെ പിന്തുടരുന്ന ചെറുകിട സ്ഥാപനങ്ങൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കുമാണ് മുൻകൈ.

4. ഇ-ഭരണം പോലുള്ള മേഖലകളിൽ മൈക്രോസോഫ്റ്റിനെ ആശ്രയിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ജനങ്ങൾക്ക് വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തിവെക്കുമെന്ന കാരണത്താൽ വികസിത രാജ്യങ്ങളിലെ ഭരണകൂടങ്ങൾ മടിച്ചു നിൽക്കുമ്പോഴാണ് കേരളം മൈക്രോസോഫ്റ്റിന്റെ ആലിംഗനത്തിലമർന്നിരിക്കുന്നത്. അമേരിക്കയിലെ നിരവധി സ്റ്റേറ്റുകൾ അന്യായവില ഈടാക്കുന്നു, നിയമവിരുദ്ധമായി കുത്തകാധികാരം ഉപയോഗിക്കുന്നു എന്നെല്ലാം കാണിച്ച് മൈക്രോസോഫ്റ്റിനെതിരായി നീണ്ട നിയമയുദ്ധത്തിലാണ്.

5. ഇ-ഭരണത്തിന്റെയും അതോടൊപ്പം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നാഷണൽ ഐഡി കാർഡിന്റെയും നിർണ്ണയത്തിലെ നിർണ്ണായകശക്തിയായി മൈക്രോസോഫ്റ്റ് അവരോധിക്കപ്പെട്ടാൽ അത് സംസ്ഥാന ഭരണം സ്വകാര്യവൽക്കരിക്കപ്പെടുന്നതിന് തുല്യമായിരിക്കും.

6. ഏറ്റവും പുതിയ വാർത്തയിൽ പറയുന്നത്, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 600 കോടി രൂപ ഒരു കൊല്ലത്തിനുള്ളിൽ ചിലവഴിക്കും എന്നാണ്. ആയിരത്തോളം പഞ്ചായത്തുകൾക്കും അറുപതോളം നഗരസഭകൾക്കും അഞ്ച് കോർപ്പറേഷനുകൾക്കും ആയി ഇത് വീതിക്കുമ്പോൾ ഒരു പഞ്ചായത്തിന്റെ വിഹിതം ശരാശരി 50 ലക്ഷത്തോളം രൂപ വരും. കേരളത്തിലെ ഒരു പഞ്ചായത്തിലും 50 ലക്ഷം രൂപയുടെ കമ്പ്യൂട്ടറിന്റെ ആവശ്യമില്ല. ഇന്നത്തെ ഹാർഡ്‌വെയർ വിലയനുസരിച്ച് 8-10 ലക്ഷം രൂപയുണ്ടെങ്കിൽ അവശ്യം വേണ്ട വിഭവങ്ങളൊരുക്കാം. 50 ലക്ഷം രൂപ വീതം ഓരോ പഞ്ചായത്തുകളുടെയും പേരിൽ കണക്കെഴുതിത്തള്ളാനുള്ള വിദ്യ മാത്രമാണിത്.

7. മേൽ പറഞ്ഞ 600 കോടി രൂപ വരാൻ പോകുന്നത് എ.ഡി.ബി ലോണിന്റെ ആദ്യ അലോട്ട്മെന്റിൽ നിന്നാണ് എ.ഡി.ബി ലോണിന്റെ ആദ്യഗഡു 500-600 കോടിയായിരിക്കുമെന്ന വാർത്ത നേരത്തെ തന്നെ വന്നതാണ്. അപ്പോൾ എ.ഡി.ബി. വായ്പ എടുത്താണ് പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ മാമാങ്കം അരങ്ങേറാൻ പോകുന്നത്. അതിൽ 500 കോടിയും വിശേഷപ്പെട്ട തരം സർവറുകളുടെ വിലയായും സോഫ്റ്റ്‌വെയറിന്റെ കപ്പമായും മൈക്രോസോഫ്റ്റിൽ തിരികെയെത്തിക്കോളും. എ.ഡി.ബി വായ്പയെടുത്ത് മൈക്രോസോഫ്റ്റിന് കപ്പം കൊടുക്കണമെന്നർത്ഥം.

ഇത്രയും ഭീകരമായ ജനവഞ്ചനക്ക് നേരെ പ്രതികരിക്കാൻ ഇവിടത്തെ ബഹുജനപ്രസ്ഥാനങ്ങൾക്ക് കഴിയുമോ എന്നുള്ളതാണ് ഇനിയുള്ള പ്രസക്തമായ ചോദ്യം.